ഊർജ്ജോല്പാദനത്തിനായി പദ്ധതികൾ

168 (1121) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികവർഗ്ഗവികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാനാകും ;

(ബി) പുതിയതായി എത്ര ഊർജ്ജോൽപാദന പദ്ധതികൾ ആരംഭിക്കുവാൻ ആലോചിക്കുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്മീഷൻ ചെയ്ത പദ്ധതികൾ താഴെ പറയുന്നവയാണ്.

കെ.എസ്.ഇ. ബോർഡ്.

നേരിയമംഗലം എക്സ്റ്റൻഷൻ പദ്ധതി	25 MW
കുറ്റ്യാടി ടെയിൽ റേസ്	3.75 MW
നേരിയമംഗലം (നവീകരണ പദ്ധതി മൂലമുണ്ടായ ശേഷി വർദ്ധനവ്)	2.55 MW
ശബരിഗിരി നവീകരണ പദ്ധതി മൂലമുണ്ടായ ശേഷി വർദ്ധനവ്	20 MW
കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി	100 MW
ആകെ	151.30 MW

സ്വകാര്യ മേഖല:

ഉള്ളുങ്കൽ	7 MW
എം.പി. സ്റ്റീൽ	10 MW
അഗളി (വിൻഡ്)	18.6 MW
രാമക്കൽമേട് (വിൻഡ്)	14.25 MW
ഇരുട്ടുകാനം	3 MW
ആകെ	52.85 MW
ആകെ	204.15 MW

2. വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly

പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം	60 MW	153.9 Mu
തോട്ടിയാർ ജലവൈദ്യുത പദ്ധതി	40 MW	99 Mu
പെരിങ്ങൽകുത്ത് മോഡേണൈസേഷൻ പദ്ധതി	...	85 Mu
റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതി	4 MW	16.73 Mu
പൂഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി	4.8 MW	10.97 Mu
പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി	1.25 MW	3.0 Mu
ചാത്തൻകോട്ടുനട II ചെറുകിട ജലവൈദ്യുത പദ്ധതി	6 MW	14.70 Mu
വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി	7.5 MW	23.63 Mu
ബാരാപ്പോൾ ചെറുകിട ജലവൈദ്യുത പദ്ധതി	15 MW	36 Mu
ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി	7.5 MW	22.83 Mu
പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി	6 MW	25.76 Mu
കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി	3 MW	10.39 Mu
ആകെ	155.05 MW	....

(ബി) 45 ജലവൈദ്യുത പദ്ധതികൾ (ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെ) അടുത്ത 5 വർഷത്തിനുള്ളിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽനിന്നും 653.55 MW പ്രതീക്ഷിക്കുന്നു. കൂടാതെ മന്ത്രിസഭാനുമതി നൽകിയ ആതിരപ്പിള്ളി (163 MW), പൂയംകുട്ടി (210 MW) എന്നീ വൻകിട ജലവൈദ്യുത പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്. കൂടാതെ 1020 MW സ്ഥാപിതശേഷിയുള്ളതും പ്രകൃതി വാതകം (LNG) ഇന്ധനമായി പ്രവർത്തിക്കുന്നതുമായ ഒരു താപനിലയം ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനുപുറമേ 2400 MW സ്ഥാപിതശേഷി വരുന്ന ഒരു താപനിലയം പീരുമേടിൽ കെ.എസ്.ഇ. ബോർഡ്/കെ.എസ്.ഐ.ഡി.സി. സംയുക്ത സംരംഭമായി ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly